അനാഥരായ വൃദ്ധജനങ്ങളുടെ സംരക്ഷണം

224 (3064) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അനാഥരായ വൃദ്ധരെ സംരക്ഷിക്കുന്ന എത്ര കേന്ദ്രങ്ങൾ സർക്കാർ ഉടമസ്ഥതയിലുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) അലഞ്ഞുതിരിയുന്നവരും രോഗികളുമായ വൃദ്ധരെ കണ്ടെത്താനും അവരെ ഏറ്റെടുക്കാനും എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) ഇത്തരത്തിൽ വൃദ്ധർക്ക് ആശ്രയമൊരുക്കുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അനാഥരായ വൃദ്ധരെ സംരക്ഷിക്കുന്നതിന് 16 വൃദ്ധസദനങ്ങൾ സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) അലഞ്ഞു തിരിയുന്നവരും രോഗികളുമായ വൃദ്ധരെ കണ്ടെത്തി അവരെ ഏറ്റെടുക്കുന്നത് പൊതു സമൂഹത്തിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെയാണ്. ഇതിനുപുറമേ വൃദ്ധസദനങ്ങളിൽ ഗുണഭോക്താവിന് നേരിട്ടെത്തി പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കാം. അനാഥനും രോഗിയുമായ വൃദ്ധരേയും താത്ക്കാലിക സംരക്ഷണം നൽകുന്നതിനായി വൃദ്ധസദനത്തിലെത്തിക്കാവുന്നതാണ്. സർക്കാർ ഉടമസ്ഥതയിലുള്ള 16 ഗവൺമെന്റ് വൃദ്ധസദനങ്ങളിലും സന്നദ്ധ സംഘടനകൾ നടത്തുന്ന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള 566 വൃദ്ധസദനങ്ങളിലും നിരാലംബരായ വൃദ്ധർക്ക് പ്രവേശനം നൽകുന്നുണ്ട്.

(സി) സാമൂഹ്യനീതി വകുപ്പിൻകീഴിലുള്ള എല്ലാ ക്ഷേമ സ്ഥാപനങ്ങൾക്കുമായി സ.ഉ. (സാധാ.) നമ്പർ 198 (3036) 501/2014/സാനീവ. തീയതി 8-8-2014 പ്രകാരം ഒരു മാനേജ്മെന്റ് മാന്വൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാന്വൽ അനുസരിച്ചാണ് സ്ഥാപനത്തിലെ പ്രവേശനവും തുടർനടപടികളും നടത്തിപ്പും. കൂടാതെ വൃദ്ധസദനങ്ങൾക്കുമാത്രമായി ഉള്ള Kerala Maintenance and Welfare of Parents and Senior Citizen Rules 2009 പ്രകാരമുള്ള പ്രവേശന മാനദണ്ഡങ്ങൾ (അനുബന്ധം 2)* ആയി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly